(ബി) അന്യ സംസ്ഥാനങ്ങളിൽ നിന്ന് വൻതോതിൽ പച്ചക്കറി ഇറക്കുമതി ചെയ്യുന്നതിനാൽ കേരളത്തിലെ പച്ചക്കറി ഉൽപ്പന്നങ്ങൾക്ക് വിലകുറയുന്നത് പരിശോധിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിലക്കുറവ് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 1-4-2014 മുതൽ 28-2-2015 വരെ 16258.05 ടൺ പച്ചക്കറി ഹോർട്ടികോർപ്പ് അയൽ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വന്നിട്ടുണ്ട്. ഇതിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. ഹോർട്ടികോർപ്പിനു പുറമെ സംസ്ഥാനത്തെ സ്വകാര്യ വ്യാപാരികളും ഏജൻസികളും പച്ചക്കറികൾക്കായി അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിൽ കൊണ്ടുവരുന്ന പച്ചക്കറികളുടെ കണക്ക് ലഭ്യമല്ല.

(ബി) കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികളാണ് അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നത്. കേരളത്തിൽ ചില സീസണുകളിൽ ഒരേയിനം പച്ചക്കറികളുടെ ഉൽപ്പാദനത്തിലുള്ള വർദ്ധനവുമൂലം പ്രസ്തുത ഇനങ്ങളുടെ വില കുറയുന്നതായി കാണുന്നുണ്ട്.

(സി) പച്ചക്കറി ഉൽപ്പന്നങ്ങളുടെ വിലക്കുറവ് തടയുന്നതിന് വിപണി ഇടപെടൽ പദ്ധതികളിലൂടെ, കൃഷിവകുപ്പ് ഇടപെടൽ നടത്തിക്കൊണ്ട് ഹോർട്ടികോർപ്പ് മുഖേന കർഷകരിൽ നിന്നും ന്യായമായ വിലയ്ക്ക് സംഭരണം നടത്തിവരുന്നു.

പോളി ഫാം ഹൗസുകൾ

136 (3106) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോളി ഫാം ഹൗസുകൾ തുടങ്ങുന്നതിന് നിശ്ചിത സെന്റ് സ്ഥലം വേണമെന്നുള്ള വ്യവസ്ഥയുണ്ടോ ; ഉണ്ടെങ്കിൽ എത്ര സെന്റ് സ്ഥലം വേണമെന്നാണ് വ്യവസ്ഥയെന്ന് വ്യക്തമാക്കാമോ ;

(ബി) നിർമ്മാണ ചെലവിന്റെ എത്ര ശതമാനമാണ് സബ്സിഡിയായി ഗുണഭോക്താക്കൾക്ക് നൽകുന്നതെന്ന് വ്യക്തമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വീടിന്റെ ടെറസിലും കുറഞ്ഞ സെന്റ് ഭൂമിയിലും ചെറിയ ചെറിയ പോളി ഹൗസുകൾ നിർമ്മിക്കുന്നതിന് സബ്സിഡി ഇപ്പോൾ ലഭ്യമാണോ ; ഇല്ലെങ്കിൽ ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരളയുടെ ഹൈടെക് ഫാമിംഗ് പദ്ധതി പ്രകാരം 400 ച.മീറ്റർ (10 സെന്റ്) മുതൽ 4000 ച.മീറ്റർ (1 ഏക്കർ) വരെയുള്ള പോളീഹൗസുകൾ നിർമ്മിക്കണം. കൂടാതെ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന, പച്ചക്കറി വികസന പദ്ധതി എന്നിവ പ്രകാരം 40 ച.മീറ്റർ (1 സെന്റ്) മുതൽ 4000 ച.മീറ്റർ (1 ഏക്കർ) വരെയുള്ള പോളീഹൗസുകൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകിവരുന്നു.

(ബി) ഹൈടെക് ഫാമിംഗ് പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ അംഗീകൃത യൂണിറ്റ് ചെലവിന്റെ 75 ശതമാനം ധനസഹായവും ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന, പച്ചക്കറി വികസന പദ്ധതി എന്നിവ പ്രകാരവും കേന്ദ്ര സർക്കാർ അംഗീകൃത യൂണിറ്റ് ചെലവിന്റെ 50 ശതമാനം വരെ ധനസഹായവും നൽകുന്നു. 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ ഗ്രീൻഹൗസ് നിർമ്മിക്കുന്നതിനായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ നടപ്പിലാക്കിയ ഹൈടെക് കൃഷി പദ്ധതിയിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ച ഒരു ചതുരശ്ര മീറ്ററിന് 935 രൂപയുടെ75 ശതമാനം ഉകയായ 701.25 രൂപ ധനസഹായമായി നൽകുന്നു. ഇതിൽ50 ശതമാനം ഉക ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ വിഹിതവും 25 ശതമാനം ഉക സംസ്ഥാന സർക്കാർ വിഹിതവുമാണ്. 2014-15 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ മാനദണ്ഡം പുതുക്കിയതിന്റെ അടിസ്ഥാനത്തിൽ നൽകുന്ന ധനസഹായം അനുബന്ധമായി ചേർത്തിരിക്കുന്നു*

(സി) വീടിന്റെ ടെറസ്സിലും കുറഞ്ഞ സെന്റ് ഭൂമിയിലും ചെറിയ ചെറിയ പോളീഹൗസുകൾ നിർമ്മിക്കുന്നതിന് സബ്സിഡി ഇപ്പോൾ ലഭ്യമാണ്.

നിറവ് പദ്ധതി

137 (3107) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിവകുപ്പ് മുഖേന നടപ്പാക്കുന്ന നിറവ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; ഏതൊക്കെ നിയോജക മണ്ഡലങ്ങളിലാണ് ഇത് ആരംഭിച്ചിട്ടുള്ളത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly